**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** **28-06-2022 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ വ്യവസായ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല. എന്നാൽ സംസ്ഥാനത്ത് ആരംഭിക്കുന്ന വിവിധ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വിവരശേഖരണം വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യവസായ ജാലകം പോർട്ടൽ വഴി വ്യവസായ വകുപ്പ് നടത്തുന്നുണ്ട്. നിലവിലെ കണക്ക് പ്രകാരം വ്യവസായ ജാലകം പോർട്ടലിൽ സംസ്ഥാനത്തെ 1,51,406 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (MSMEs) ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 1,42,653 സൂക്ഷ്മ സംരംഭങ്ങളും, 8,457 ചെറുകിട സംരംഭങ്ങളും, 296 ഇടത്തരം സംരംഭങ്ങളും ആണ്. കാർഷിക ഭക്ഷ്യാധിഷ്ഠിത മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, തടി അധിഷ്ഠിത മേഖല, തുടങ്ങി വിവിധ മേഖലയിലുള്ള വ്യവസായങ്ങളാണ് പ്രധാനമായും ഉൾപ്പെടുന്നത്. |
| (ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 നിലവിൽ വന്നു. ഇത് കൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്ന് ഒഴിവാക്കുന്നതിനായി 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റ് 2021 -ലെ ഭേദഗതി പ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി |

<table>
<tr><td></td><td></td><td></td><td>മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച പ്രവർത്തനം നടന്നു വരുന്നു.<br><br>കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്.<br><br>'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി 2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഗുരുവായൂർ മണ്ഡലത്തിൽ നിയമിച്ച ഇന്റേണുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td><td>(സി)</td><td>ഗുരുവായൂർ മണ്ഡലത്തിൽ നിയമിച്ച ഇന്റേണുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>
<table>
<tr><th>ക്രമ നമ്പർ</th><th>ഇന്റേണിന്റെ പേര്</th><th>നിയമനം നൽകിയ പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര്</th></tr>
<tr><td>1</td><td>ജിഷി.സി.ജെ</td><td>ഒരുമനയൂർ</td></tr>
<tr><td>2</td><td>റംഷിത.കെ.വി</td><td>കടപ്പുറം</td></tr>
<tr><td>3</td><td>സുനേഷ്.കെ.എസ്</td><td>പുന്നയൂർ</td></tr>
<tr><td>4</td><td>ആസിയ അസീസ്</td><td>പുന്നയൂർക്കുളം</td></tr>
<tr><td>5</td><td>രാഹുൽ.പി</td><td>വടക്കേക്കാട്</td></tr>
<tr><td>6</td><td>രാജശ്രീ.ടി.ആർ</td><td>ഏങ്ങണ്ടിയൂർ</td></tr>
<tr><td>7</td><td>നിനവ്.വി.എസ്</td><td>ഗുരുവായൂർ മുനിസിപ്പാലിറ്റി</td></tr>
<tr><td>8</td><td>സനിത ആന്റണി</td><td>ചാവക്കാട് മുനിസിപ്പാലിറ്റി</td></tr>
<tr><td>9</td><td>അഞ്ജു സുനിൽ</td><td>ചാവക്കാട് മുനിസിപ്പാലിറ്റി</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ